# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 11-04-2013

## കൊടുംചൂട്–
## സ്കൂളുകളുടെ പ്രവൃത്തിദിനങ്ങൾ പുനഃക്രമീകരിക്കണം

**കെ.എസ്.ടി.എ**

**കൊടുംചൂട് മൂലം വിദ്യാർത്ഥികൾക്ക് സൂര്യാഘാതമേൽക്കുന്ന സാഹചര്യത്തിൽ ഏപ്രിൽമാസം പ്രവർത്തിക്കുന്ന സ്കൂളുകളുടെ പ്രവൃത്തിദിനങ്ങൾ പുനഃക്രമീകരിക്കണമെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. ജനറൽ കലണ്ടർ പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഇപ്പോൾ വെക്കേഷൻ ആണെങ്കിലും മുസ്ലീം കലണ്ടർ പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾ റംസാൻ അവധിക്കുശേഷം ഇപ്പോൾ തുറന്ന് പ്രവൃത്തിക്കുകയാണ്. പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലാണ് ഇത്തരം സ്കൂളുകളിൽ അധികവും.**

**സംസ്ഥാനത്തെ താപനില ക്രമാതീതമായി ഉയരുകയാണ്. കുടത്ത ചൂടിൽ കുട്ടികൾക്ക് സൂര്യഘാതമേൽക്കുകയും പലവിധ അസ്വസ്ഥതകൾ അനുഭവപ്പെടുകയും അനുഭവപ്പെടുന്നു. കുടിവെള്ള ക്ഷാമം മൂലം പല സ്കൂളുകളിലും ഉച്ചഭക്ഷണവിതരണം പോലും മുടങ്ങിയിരിക്കുകയാണ്. തൊഴിൽ ചെയ്യുന്നവർ പകൽ 12 മണി മുതൽ 3 മണിവരെ ജോലി ചെയ്യരുതെന്ന് സർക്കാർ നിർദ്ദേശം നൽകിക്കഴിഞ്ഞു.**

**ഈ സാഹചര്യത്തിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്കൂളുകളുടെ പ്രവൃത്തി ദിനങ്ങൾ പുനഃക്രമീകരിച്ച് അവയ്ക്ക് അവധി നൽകണമെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.**

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി